സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

വാരണാസി സത്രം – ഗയയിലെ ദേവസ്വം വസ്തുവകകളുടെ സംരക്ഷണം – നോഡൽ ആഫീസർ ശ്രീ. റ്റി.എസ്. സുബ്രഹ്മണിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 3863/2000/Est-I** നന്തൻകോട്, **15-10-2024**

---

പരാമർശം :- (1) 20–05–2014 ലെ മേൽ നമ്പർ ബോർഡുത്തരവ്.

(2) 30–10–2023 ലെമേൽ നമ്പർ ബോർഡുത്തരവ്.

(3) ദേവസ്വം കമ്മീഷണറുടെ 23–09–2024 ലെ ROC 1057/09/Land നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വാരണാസിയിലും ഗയയിലുമുള്ള വസ്തുവകകൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾക്ക് നോഡൽ ആഫീസറായി ശ്രീ. റ്റി.എസ്. സുബ്രഹ്മണിയെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ച (പരാമർശം –1). ടിയാന്റെ നിയമന കാലാവധി വിവിധ കാലയളവുകളിലായി ദീർഘിപ്പിച്ചു. ഏറ്റവും ഒടുവിൽ പരാമർശം (2) പ്രകാരം 28–09–2023 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു. പ്രസ്തുത സേവന കാലയളവ് 27–09–2024 ൽ അവസാനിച്ചു.

സേവനകാലാവധി ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ടിയാന്റെ അപേക്ഷ പരാമർശം (3) നോടൊപ്പം ലഭിച്ചു. ശ്രീ.റ്റി.എസ്.സുബ്രഹ്മണിയുടെ സേവന കാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുന്നതിന് പരാമർശം (3) ൽ ദേവസ്വം കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

ടി വിഷയം ബോർഡ് വിശദമായി പരിശോധിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വാരണാസിയിലും ഗയയിലുമുള്ള വസ്തുവകകളുടെ സംരക്ഷണത്തിന് നോഡൽ ആഫീസറായി നിയോഗിച്ചിട്ടുള്ള ശ്രീ. റ്റി.എസ്. സുബ്രഹ്മണിയുടെ സേവന കാലാവധി ദേവസ്വം കമ്മീഷണറുടെ ശുപാർശ കണക്കിലെടുത്ത് 28–09–2024 മുതൽ 6 മാസത്തേക്ക് കൂടി നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ദീർഘിപ്പിച്ച് ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

(മറുപുറം)

൭൮

ശ്രീ. റ്റി.ശ്രീ. എസ്. സുബ്രഹ്മണി,
T C 40/264,
പുത്തൻ സ്ട്രീറ്റ്, തിരുവനന്തപുരം.

പകർപ്പ് :–

1. ദേവസ്വം കമ്മീഷണർ
2. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. മാനേജർ, വാരണാസി സത്രം – ദേവസ്വം കമ്മീഷണർ മുഖാന്തിരം.
5. ലാന്റ് സെക്ഷൻ, ബോർഡ് ആഫീസ്
6. ഐ.റ്റി. ഡിവിഷൻ
7. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
8. ബഹു: മെമ്പറുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
9. സെക്ഷൻ ഫയൽ
10. ഫയൽ ബുക്ക്
11. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK

X